LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 24, വ്യാഴം

നിയമസഭ 2003 ജൂലായ് മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ: ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 687

സെയിൽസ്ടാക്സ് ചെക്കുപോസ്റ്റുകളിലെ അഴിമതിയും കൃത്യവിലോപവും

1 (*687) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 വർഷത്തിൽ സംസ്ഥാനത്തെ സെയിൽസ്ടാക്സ് ചെക്കുപോസ്റ്റുകളിൽ നിന്നുണ്ടായ വരുമാനമെത്ര ;

(ബി) ചെക്കുപോസ്റ്റുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരെ പരമാവധി എത്ര കാലംവരെ ഒരിടത്തു തുടരാൻ അനുവദിക്കും ;

(സി) ചെക്കുപോസ്റ്റുകളിലെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം പരിശോധിക്കാൻ സ്കാഡ് വർക്ക് നടത്തുന്നുണ്ടോ ;

(ഡി) സ്കാഡ് വർക്കിന്റെ ഫലമായി അഴിമതിയും കൃത്യവിലോപവും കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) എത്രപേർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ?

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 70.13 കോടി രൂപ

(ബി) ചെക്കുപോസ്റ്റുകളിൽ പ്രവൃത്തിയെടുക്കുന്നതിന് പൂളിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഇൻസ്പെക്ടർ, ക്ളാർക്ക്, പ്യൂൺ എന്നീ തസ്തികകളിൽപ്പെട്ടവർ ഒരു ചെക്ക്പോസ്റ്റിൽ ഒരു തവണ പരമാവധി മൂന്നു മാസത്തിൽ കൂടുതൽ പ്രവൃത്തിയെടുക്കാൻ അനുവദിക്കുന്നതല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 2002-2003 സാമ്പത്തിക വർഷം 16 പേർക്കെതിരെ വകുപ്പു തലത്തിലുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇവിടെ സെയിൽസ്ടാക്സ് ചെക്ക്പോസ്റ്റിൽ നിന്നുള്ള വരുമാനം 70 കോടി വർദ്ധിച്ചുവെന്നാണ് മന്ത്രി പറഞ്ഞത്. 2000-2001-ൽ എൽ.ഡി.എഫിന്റെ ഭരണ കാലത്ത് 19 കോടി രൂപയായിരുന്നു. അത്ഭുത വിദ്യകളൊന്നും കൈയിലില്ല എന്ന് ഇടയ്ക്കിടെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. മൂന്നിരട്ടി വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഇവിടെ അത്ഭുതമാണ് ബഹുമാനപ്പെട്ട മന്ത്രി സൃഷ്ടിച്ചിരിക്കുന്നത്. ഇത്ര വലിയ ഒരു വർദ്ധനവുണ്ടാകാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ചെക്കുപോസ്റ്റിലെ നികുതി വർദ്ധനവ് എന്നു പറയുന്നത്, അവിടെ പ്രധാനപ്പെട്ട ചെക്കുപോസ്റ്റുകളിൽ ആര്യങ്കാവ്, അമരവിള, വാളയാർ, മഞ്ചേശ്വരം എന്നീ ചെക്കുപോസ്റ്റുകളിൽ ഒരു ഇഫക്ടീവ് സിസ്റ്റം വരുത്തി. ഇത്ര ഇഫക്റ്റീവ് ആയിട്ട് നടപ്പാക്കിയിട്ടും ചെക്കുപോസ്റ്റുകൾ അതിർത്തിയിൽ പോരെന്നുള്ള സ്ഥിതിയാണ് വരുന്നത്. പക്ഷേ ഇതു മുഴുവൻ ഇഫക്റ്റീവായി എന്നുള്ള അഭിപ്രായമില്ല. കുറേക്കൂടി നമുക്ക് ഇഫക്റ്റീവാക്കാനുണ്ട്. കാരണം ആളുകൾക്ക് നികുതി വെട്ടിക്കാനുള്ള ആഗ്രഹം വളരെക്കൂടുതലായി വരുന്നു. ഈ സിസ്റ്റം കുറേക്കൂടി നമ്മൾ ഇഫക്റ്റീവാക്കിയാൽ ഇനിയും കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കാൻ നമുക്ക് സാധിക്കും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മൊത്തത്തിലുള്ള സെയിൽസ്ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ? ആ നടപടികൾ എന്തെല്ലാമാണ്. ആ നടപടികൾകൊണ്ട് 2002-2003 വർഷം സെയിൽസ്ടാക്സ് കളക്ഷനിൽ എത്രരൂപയാണ് അധികം വർദ്ധനവുണ്ടായത് എന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 1,000 കോടി ഉറുപ്പികയോളം വരുമാനം കൂടുതൽ വന്നിട്ടുണ്ട്. അത് ഇഫക്റ്റീവായുള്ള കളക്ഷനും പിന്നെ സ്റ്റേ കൂടതലായി കൊടുക്കാതിരിക്കുകയും കിട്ടാനുള്ള തുക പിരിച്ചെടുക്കുകയും കിട്ടേണ്ട തുക പിരിക്കണമെന്ന് തീരുമാനിക്കുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് അതിർത്തി ചെക്കുപോസ്റ്റുകളിലാണ്. വ്യാപകമായി ഇതു നടക്കുന്നു എന്നതിന്റെ തെളിവാണ് ഒരേ ഉദ്യോഗസ്ഥരെ തന്നെ മൂന്നു മാസത്തിൽ കൂടുതൽ ഒരു ചെക്കുപോസ്റ്റിൽ വയ്ക്കാറില്ല എന്നത്. അത് ഇവിടെ മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. അവിടെ നടക്കുന്ന അഴിമതി തടയുന്നതിനും തലസ്ഥാനത്തുനിന്നുകൊണ്ടു തന്നെ റഡാർ സിസ്റ്റം ഉപയോഗിച്ച് ഈ അതിർത്തി ചെക്കുപോസ്റ്റുകളിൽ നടക്കുന്ന കാര്യങ്ങൾ നിരീക്ഷണം നടത്തുന്നതിനും അത്തരം സംവിധാനങ്ങളിലൂടെ അഴിമതി നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള വല്ല നടപടിയും സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ചെക്കുപോസ്റ്റുകളിൽ ചെക്കിംഗിന് സ്കാഡിനെ പ്രത്യേമായിട്ട് അയച്ചിട്ടുണ്ട്. ആ സ്കാഡ് പലപ്പോഴും ലൈറ്റ്നിംഗ് ചെക്കിംഗ് നടത്തുന്നുണ്ട്. പിന്നെ ഫ്ളൈയിംഗ് സ്കാഡിനെ വച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും കക്കണം എന്നു വിചാരിച്ചവനെ 'തെര' എണ്ണാൻ ഏൽപ്പിച്ച മാതിരിയാണ്. അവൻ കക്കുന്നുണ്ട്. ഞാനിത് മറച്ചുവച്ചിട്ട് വല്ല കാര്യവുമുണ്ടോ ? അതുകൊണ്ടാണ് ഇപ്പോൾ പല ഉദ്യോഗസ്ഥരുടെയും പേരിൽ സസ്പെൻഷൻ നടപടി സ്വീകരിച്ചു എന്നു മാത്രമല്ല മൂന്നു മാസത്തിൽ അധികം ഒരു ചെക്കുപോസ്റ്റിലും ഒരാളിന് കൊടുക്കുന്നില്ല. ഈ മൂന്നു മാസത്തിൽ കൊടുത്തിട്ടുതന്നെ ആഴ്ചയിൽ ഒരുപ്രാവശ്യം ചെക്കിംഗ് നടത്തിയിട്ടും പലപ്പോഴും അറിഞ്ഞ് ലോറികൾ കടത്തുകയും പിന്നെ വഴിക്കുവച്ച് സ്കാഡ് പിടിക്കുകയും നികുതി ചുമത്തുകയും ചെയ്യുന്നുണ്ട്. ഇനിയിത് കൂടുതൽ ഇഫക്റ്റീവ് ആക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. സി. മമ്മൂട്ടി : സർ, അതിർത്തി ചെക്കുപോസ്റ്റുകൾ മറികടക്കുന്നതിനു വേണ്ടി ഊടുവഴികൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇപ്പോൾ കോഴി കടത്തുന്നതിനെക്കുറിച്ച് പത്രങ്ങളിൽ നിരന്തരം വാർത്ത വന്നു കൊണ്ടിരിക്കുകയാണ്. ഊടുവഴികൾ കോഴിയും അതുപോലെ മറ്റ് സാധനങ്ങളും കടത്തിക്കൊണ്ടു വരുന്നതിന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. അതിർത്തി ചെക്കുപോസ്റ്റുകളിൽനിന്ന് മാറികിട്ടുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങളുണ്ട്. അതു തടയുന്നതിനുവേണ്ടിയുള്ള വല്ലനടപടിയും സ്വീകരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : നമ്മുടെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി വളരെയധികം പുതിയ റോഡുകൾ വന്നിട്ടുണ്ട്. വളരെയധികം പുതിയ റോഡുകൾ എന്നു പറഞ്ഞാൽ കേരളത്തിൽ അതിർത്തി പ്രദേശങ്ങളിലും പഞ്ചായത്തുകളിലുമൊക്കെ പുതിയ റോഡുകൾ വന്നിട്ടുണ്ട്. ചെക്കുപോസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

മെയിൻ റോഡിലാണ് വച്ചിരിക്കുന്നത്. അപ്പോൾ ഊടുവഴികളിൽക്കൂടി ധാരാളം കള്ളക്കടത്തു വരുന്നുണ്ട്. അത് പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ട്. അവിടെ ഫ്ളൈയിംഗ് സ്കാഡിനെക്കൊണ്ട് ചെക്ക് ചെയ്യിപ്പിക്കുന്നുണ്ട്. എന്നിരുന്നാൽ പോലും എല്ലാ പ്രദേശങ്ങളിലും നമുക്ക് ചെക്കുപോസ്റ്റ് സ്ഥാപിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. പക്ഷേ അവിടെ പരിശോധനയ്ക്ക് പലപ്പോഴായിട്ട് ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, റോഡുമാർഗ്ഗമുള്ള വിൽപ്പന നികുതി പരിശോധനയാണ് ഇന്ന് ചെക്കുപോസ്റ്റുകളിൽ നടക്കുന്നത്. എന്നാൽ റയിൽവേ വഴിയായി ധാരാളം സാധനങ്ങൾ വരുന്നുണ്ട്. റയിൽവേയുമായി ബന്ധപ്പെട്ട് സെയിൽസ്ടാക്സ് പരിശോധനയ്ക്കുവേണ്ടി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, റയിൽവേയിൽ കൂടി ഗുഡ്സ്ട്രെയിനിലും, പാസഞ്ചർ വണ്ടികളിലും സാധനങ്ങൾ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും കടത്തിക്കൊണ്ട് വരുന്നുണ്ട്. റയിൽവേയുമായിട്ട് ഇതു സംബന്ധിച്ച് ഒരു ഡിസ്കഷൻ നടത്തി, അവർ കുറെ സഹകരിക്കാം എന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ കൊണ്ടുവന്ന് ഇറക്കിക്കഴിഞ്ഞതിനു ശേഷം ഇപ്പോൾ കോയമ്പത്തൂരിൽ നിന്ന് കൊണ്ടുവരുന്നതാണെങ്കിൽ കോയമ്പത്തൂരു വച്ച് ചെക്കു ചെയ്യാൻ പറ്റില്ല. അല്ലെങ്കിൽ വാളയാർ വച്ച് ചെക്കുചെയ്യാൻ പറ്റില്ല. അതുകൊണ്ട് കോഴിക്കോട്ടോ, പാലക്കാടോ,കണ്ണൂരോ, എറണാകുളത്തോ വന്നു കഴിഞ്ഞശേഷം മാത്രമേ നമുക്ക് അതു ചെക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, അതുപോലെതന്നെ ചെക്കു പോസ്റ്റിലല്ലാതെ ഓൺ ദി. വേ സർപ്രൈസ് ചെക്കിംഗ് നടത്താനുള്ള എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അതാണ് ഞാൻ പറഞ്ഞത് സ്കാഡ് ചെക്കിംഗ് നടത്തുന്നുണ്ട്.

ശ്രീ. പി. കെ. കെ. ബാവ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ചെക്കുപോസ്റ്റിലെ ഉദ്യോഗസ്ഥൻമാരെ മൂന്നു മാസത്തിൽ കൂടുതൽ ഒരു ചെക്ക് പോസ്റ്റിൽ നിർത്തുന്നില്ല എന്ന്. ഇത് ഒരുതരത്തിലുള്ള നീതി നിഷേധമല്ലേ ? നമ്മൾ തെങ്ങിനും കവുങ്ങിനും ഒരേ തളപ്പ് എന്നുള്ള സമീപനം സ്വീകരിക്കുന്നതിനു പകരം യഥാർത്ഥത്തിൽ സർക്കാരിനോടും ജനങ്ങളോടും പ്രതിബദ്ധത കാണിച്ചു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ പ്രത്യേകമായി പരിഗണിച്ച് അവർക്കാവശ്യമായ പ്രോൽസാഹനം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, പ്രോൽസാഹനം നൽകാൻ ഗവൺമെന്റ് തയ്യാറാണ്. അവർ നീതി ചെയ്യാത്തതുകൊണ്ടാണ് അവരോട് ഇതു ചെയ്യുന്നത്. നീതി നിഷേധം വരുന്നുണ്ട്. അവർ നീതി ചെയ്താൽ അവരോട് നീതിയോടുകൂടി പെരുമാറും. അവർ നീതി ചെയ്തില്ലെങ്കിൽ നീതിയില്ലാതെ പെരുമാറും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ : സർ, എത്ര ശ്രമിച്ചിട്ടും എങ്ങനെ ശ്രമിച്ചിട്ടും ടാക്സ് വെട്ടിപ്പ് ഇവിടെ നടക്കുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സഭയിൽ പരസ്യമായി പറഞ്ഞു. നമ്മളിപ്പോൾ ഹൈടെക് യുഗത്തിലാണ്. ആധുനികമായിട്ടുള്ള എന്തെങ്കിലും സംവിധാനം ഉപയോഗിച്ച് ഇത് തടയുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചിട്ടുണ്ടോ ? ഈ വെട്ടിപ്പ് നടത്തുന്നതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർക്കശവും കർശനവുമായിട്ടുള്ള നടപടി മറ്റെല്ലാ പരിഗണനകൾക്കും അതീതമായി നിർവ്വഹിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഞാനിത് കുറേശ്ശെ നടക്കുന്നുണ്ട് എന്നു പറഞ്ഞത് സത്യം പറയണമെന്നു വിചാരിച്ചു കൊണ്ടു പറഞ്ഞതാണ്. നുണ പറഞ്ഞിട്ടു കാര്യമില്ലല്ലോ. നടക്കുന്നുണ്ട്. അതു നമുക്ക് കർബ് ചെയ്ത്, കർബ് ചെയ്ത് കൊണ്ടു വരണം. അങ്ങനെ കർബ് ചെയ്തു കൊണ്ടു വന്നതുകൊണ്ടാണ് കഴിഞ്ഞ രണ്ടു കൊല്ലങ്ങളായിട്ട് നികുതി കൂടുതൽ പിരിക്കാൻ സാധിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,മലയാള മനോരമ പത്രത്തിൽ ഇന്നലെ 'അതിർത്തി കടന്നെത്തുന്ന കോഴിക്ക് അഴിമതിയുടെ രുചി' എന്നു പറഞ്ഞുകൊണ്ട് വാർത്ത വന്നിട്ടുണ്ട്. അതിൽ പറയുന്നത് ഓരോ ആഴ്ചയിലും 23 ലക്ഷത്തോളം ഇറച്ചിക്കോഴി കേരളത്തിലേക്ക് വരുന്നുണ്ട് എന്നാണ്. ഒരു കോഴിക്ക് രണ്ടു കിലോ കണക്കിൽ 2,40,000 ടൺ കോഴി ഇങ്ങോട്ടു വരുന്നു. ഒരു കിലോയ്ക്ക് രണ്ടു രൂപ പ്രവേശന നികുതി കണക്കാക്കിയാൽ 48 കോടി രൂപ കിട്ടണം. കഴിഞ്ഞ വർഷം 20 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളു എന്ന് ഇതിനകത്തു പറഞ്ഞു. ഇതിൽ മുഖ്യ ഭാഗം പോയത് പോലീസ്, സെയിൽസ്ടാക്സ്, ഉദ്യോഗസ്ഥൻമാർക്കാണ്. പോലീസിന് ഇപ്പോൾ കൊടുത്തിരിക്കുന്ന പേര് പൊളൈസ് എന്നാണ്. സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്റെ പേര് ടാക്സി, ചെക്കുപോസ്റ്റിന്റെ പേര് സി.പി., ഇങ്ങനെ പറഞ്ഞാണുപോലും ഇത് വാങ്ങുന്നത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് തുടങ്ങിയിട്ടുണ്ടോ ? ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട കോടിയേരി വായിച്ച അതേ മനോരമ തന്നെ ഞാൻ വായിച്ചു. അവർ ഒരു പരമ്പര എഴുതുന്നുണ്ട്. ഇന്നുമുണ്ട്. ഞാൻ ആദ്യമേ പറയാനുള്ള കാരണം ചെക്കുപോസ്റ്റിൽ ചെക്കുപോസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ കണ്ണുവെട്ടിച്ച് കൊണ്ടു വരുന്നുണ്ട്. പറയുന്ന കണക്കു മുഴുവൻ ശരിയാണോ എന്ന് എനിക്കു നിശ്ചയമില്ല. കുറേ ശരിയായിരിക്കും. അതുകൊണ്ടാണ് ഞാൻ ആദ്യം തന്നെ പറഞ്ഞത് ഇതു കുറേക്കൂടി ഇഫക്റ്റീവായി നടത്തി നമുക്ക് കുറേക്കൂടി ടാക്സ് കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. അതിന് ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

മി. സ്പീക്കർ : മന്ത്രിക്ക് പ്രച്ചന്ന വേഷനായിട്ട് ഒരു ചെക്കിംഗ് നടത്തിക്കൂടേ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ രണ്ടു മൂന്ന് ചെക്കുപോസ്റ്റുകളിൽ പോയി പരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. വി .ഡി. സതീശൻ : സർ, ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞത് ഒരു ചെക്ക് പോസ്റ്റിൽ മൂന്നു മാസത്തേക്ക് മാത്രമാണ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നത് എന്നാണ്. ഡിപ്പാർട്ടുമെന്റിലുള്ള എല്ലാവർക്കും അഴിമതി കാണിക്കുന്നതിനുള്ള ഒരു അവസരമാണിത്. മാറി മാറി എല്ലാവർക്കും ഈ അവസരം കൊടുക്കുകയാണ്. അതിനു പകരം ഇവരുടെ ബാക്ക് ഫയലുകൾ പരിശോധിച്ച് അതിന്റെയടിസ്ഥാനത്തിൽ മാത്രം ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റുകളിൽ നിയമിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി എടുക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അവരുടെ പൂർവ്വകാല ചരിത്രമൊക്കെ പരിശോധിച്ചിട്ട് തന്നെയാണ് മൂന്നു മാസത്തേയ്ക്ക് നിയമിക്കുന്നത്. അത് എത്ര പരിശോധിച്ചാലും മഹാലക്ഷ്മിയെ കാണുമ്പോൾ അവർ കീഴടങ്ങാറുണ്ട്. അതാണ് ഒരു കുഴപ്പം വരുന്നത്. അതിന് പരിഹാരം കാണാൻ വേണ്ടിയാണ് സ്കാഡിനെ വച്ചതും മൂന്നു മാസത്തേയ്ക്ക് നിയമിച്ചതുമൊക്കെ. അതിന്റെ ഫലമായി കുറേ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കുറേക്കൂടി മാറ്റങ്ങൾ ഉണ്ടാക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞങ്ങൾ ഈ സഭയിൽ പലപ്പോഴും ഉന്നയിച്ചിട്ടുള്ള വിഷയം തന്നെയാണ് മറ്റൊരു രൂപത്തിലൂടെ പ്രമുഖമായ മലയാള മനോരമ പത്രം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ചെക്ക് പോസ്റ്റുകളിലൂടെ വ്യാപകമായിട്ട് മദ്യം വരുന്നതിനെക്കുറിച്ച് റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം പത്രങ്ങളിൽ ഉത്തരവാദിത്വത്തോടെ റിപ്പോർട്ട് ചെയ്യുമ്പോൾ അത് ഗൗരവത്തോടുകൂടി അന്വേഷിക്കാൻ ഗവൺമെന്റ് നടപടിയെടുക്കണ്ടേ ? ഇപ്പോൾ വന്നു കൊണ്ടിരിക്കുന്ന ഈ പരമ്പരയെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം ആലോചിക്കുന്നത് നല്ലതാണ്. This is right from 57 onwards. ഈ ചെക്ക് പോസ്റ്റുകളിൽ കൂടി ഈ വിധത്തിലുള്ള കാര്യങ്ങൾ കടന്നു വരുന്നതും പരിശോധന നടത്തുന്നതും 1957 മുതൽക്കേ ഉള്ളതാണ്. അന്നത്തെ ഗവൺമെന്റുകളെല്ലാം ശ്രമിച്ചിട്ടും ഈ സ്ഥിതിയിൽ എത്താനേ സാധിച്ചിട്ടുള്ളൂ. നുണ പറയാൻ സാധിക്കാത്തതുകൊണ്ട് ഞാൻ ആ സത്യം പറയുന്നു എന്നേയുള്ളൂ.

ശ്രീ. എം. എ. വാഹീദ് : സർ, ശാസ്ത്രീയമായി അഴിമതി നടക്കുന്ന രണ്ടുമൂന്ന് ഡിപ്പാർട്ടുമെന്റുകൾ ഉണ്ട്. ചെക്ക്പോസ്റ്റ് പോലെ തന്നെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, സബ്രജിസ്ട്രാർ ഓഫീസ് അവിടെയൊക്കെ കൈക്കൂലി എങ്ങനെയാണ് എടുക്കുന്നതെന്ന് നമുക്ക് കണ്ടുപിടിക്കാൻ ഒക്കില്ല. വളരെ ശാസ്ത്രീയമായി നമ്മളിൽ നിന്നു തന്നെ അതിന്റെ ഏജന്റുമാർ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്ന ഒരു സ്ഥലമാണ്. ഏറ്റവും കൂടുതൽ അഴിമതി വ്യാപകമായി നടക്കുന്നത് ചെക്ക്പോസ്റ്റുകളിലാണ്. ഈ ചെക്ക് പോസ്റ്റുകളിലെ പരിശോധനയ്ക്ക് പോലീസ് വിജിലൻസ് ഏർപ്പെടുത്താൻ സർക്കാർ തയ്യാറാണോ ? നമ്മുടെ എക്സൈസ് ഓഫീസുകളിൽ റെയ്ഡ് ചെയ്തു പിടിച്ചതുപോലെ ഈ പോലീസ് വിജിലൻസിനെക്കൊണ്ട് സർപ്രൈസ് ചെക്കിംഗ് നടത്താൻ കഴിയുമോ ? അങ്ങനെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ : പോലീസ് വിജിലൻസ് സർപ്രൈസ് ചെക്കിംഗ് നടത്തുന്നുണ്ട്. അതുപോലെ സെയിൽസ് ടാക്സ് ഓഫീസേഴ്സിനെക്കൊണ്ട് ചെക്കിംഗ് നടത്തിക്കുന്നുണ്ട്. സ്കാഡിനെ വച്ച് ചെക്കിംഗ് നടത്തുന്നുണ്ട്. കൈക്കൂലി എന്നു പറയുന്നത് ഒരു ശാസ്ത്രമാണ്.

ശ്രീ. ടി. കെ. ബാലൻ ; സർ, ചെക്ക്പോസ്റ്റിലെ കള്ളക്കടത്ത്, നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ ഇന്ന് ഫലപ്രദമായ സംവിധാനങ്ങൾ നമ്മുടെ ചെക്ക് പോസ്റ്റുകളിൽ ഇല്ല. ഉദാഹരണത്തിന് അമരവിള ചെക്ക് പോസ്റ്റിൽ മര്യാദയ്ക്കുള്ള ലൈറ്റുപോലും ഇല്ല. ഒരു കമ്പി കൊണ്ട് കുത്തിനോക്കിയിട്ടാണ് സാധനത്തെപ്പറ്റി അവർ അറിയുന്നത്. ഇപ്പോൾ കാറ്റാടിക്കഴയും അരിയും കൊപ്രയും ഒക്കെ കൊണ്ടുവരുമ്പോൾ അതിന്റെ അടിയിലായാണ് വ്യാജമദ്യം കൊണ്ടു വരുന്നത്. ഇത് പരിഹരിക്കാൻവേണ്ടി ചെക്ക്പോസ്റ്റുകളിൽ സ്കാനർ സമ്പ്രദായം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സ്കാനർ സമ്പ്രദായം നടപ്പാക്കുന്നത് നല്ലതാണ്. നമ്മൾ വളരെ കാര്യമായിട്ട് അതിനെക്കുറിച്ച് ആലോചിച്ചു ഒന്നുരണ്ട് ഡിസ്ക്കഷൻസ് നടത്തി. ഇത് വളരെ എക്സ്പെൻസീവാണ്. മെഷീന് തന്നെ ലക്ഷക്കണക്കിന് രൂപ വിലയുണ്ട് എന്നു പറയുന്നു. അവർ അതിന് ഭയങ്കരമായിട്ടുള്ള ചാർജ് ഇടും. അത് മുഴുവൻ നമുക്ക് താങ്ങാൻ പറ്റുമോയെന്ന് നിശ്ചയമില്ല. പക്ഷേ അതുണ്ടെങ്കിൽ നല്ലതാണ്.

ശ്രീ. വർക്കല കഹാർ : സർ, ചെക്ക്പോസ്റ്റുകളിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നോ ? അങ്ങനെയാണെങ്കിൽ അതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. ശങ്കരനാരായണൻ : IAS is not the solution for this.

ശ്രീ. എ.കെ. ബാലൻ : സർ, യഥാർത്ഥത്തിൽ നമുക്ക് കിട്ടേണ്ട വരുമാനത്തിന്റെ വലിയ ഒരു അംശം ഈ രംഗത്തുനിന്ന് ഇപ്പോൾ ലഭിക്കുന്നില്ല. ഇപ്പോൾ മിന്നൽ പരിശോധന, അതുപോലെ സ്കാനിംഗ് ഇതൊക്കെ ആവശ്യമാണ്. അതിനെക്കാളും അപ്പുറം ഈ അപ്പലേറ്റ് ട്രിബ്യൂണലുകളിൽ ആയിരക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുകയാണ്. ഈ കെട്ടിക്കിടക്കുന്ന കേസുകൾ പൂർവ്വാധികം വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള ശക്തമായ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടൽ നടക്കേണ്ടതല്ലേ ? ട്രിബ്യൂണലുകളിൽ ഇപ്പോൾ ആവശ്യമായിട്ടുള്ള യാതൊരു ഫോട്ടോ കോപ്പിയിംഗ് മെഷീനോ മാനിഫോൾഡിംഗ് പേപ്പറോ ഒന്നുമില്ല. അതുകൊണ്ട് കെട്ടിക്കിടക്കുന്ന കേസുകൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള ശക്തമായ നടപടിയെടുത്ത് ട്രിബ്യൂണലുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : രണ്ടു വർഷങ്ങൾക്കകം 32,043 കേസുകൾ കൂടുതലായിട്ട് പൂർത്തിയായിട്ടുണ്ട്. ഇനിയും വളരെയധികം കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. എനിക്ക് പറയാനുള്ളത്, ടാക്സ് വെട്ടിപ്പിന്റെ പോസിറ്റീവ് ആയിട്ടുള്ള ഏത് നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും കക്ഷി രാഷ്ട്രീയ പരിഗണനയ്ക്കതീതമായി ഗവൺമെന്റ് അത് സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. കെ. കെ. ഷാജു : സർ, ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് വ്യാപകമായ പരാതി വന്നിട്ടുണ്ട്. ചില്ലറ വരുമാനത്തിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ച് ധനാഢ്യൻമാരായവരുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടയിൽ ചെക്ക് പോസ്റ്റുകളിൽ ചുമതല വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ സ്വത്ത് വിവരത്തെ സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനം ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അത് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ : സർ, ദേശീയ പാതയിലെ അമരവിള ചെക്ക് പോസ്റ്റിൽ ദിവസവും 500-ഉം 600-ഉം ലോറികൾ എത്തിച്ചേരുന്നുണ്ട്. ഒരു മണിക്കൂറിൽ തന്നെ പത്തോ അൻപതോ ലോറികൾ പരിശോധനയ്ക്ക് കാത്ത് നിൽക്കുന്നു. നേരത്തെ അവിടെ നാല് ഇൻസ്പെക്ടർമാർ ഉണ്ടായിരുന്നു. ഇപ്പോൾ മൂന്ന് ഇൻസ്പെക്ടർമാരും രണ്ട് പ്യൂണുമാണ് റോഡിൽ നിൽക്കുന്നത്. അവിടെ വരുമാന വർദ്ധനവ് നാലിരട്ടി ഉണ്ടാകുമെന്നുള്ള ഉറപ്പിൽ ഈ ദേശീയ പാതയിലെ ചെക്ക് പോസ്റ്റിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ച് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇന്റലിജൻസ് സംവിധാനം കുറേക്കൂടി ശക്തിപ്പെടുത്തണം എന്നുള്ള കാര്യം ആലോചിച്ചിട്ടുണ്ട്. സ്റ്റാഫ് കൂടുതലായി എന്നുള്ളതുകൊണ്ടു മാത്രം വരുമാനമാർഗ്ഗം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

ശ്രീ. മത്തായി ചാക്കോ സർ, ഖജനാവിന് വലിയ തോതിൽ നഷ്ടം ഉണ്ടാക്കുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. റബ്ബർ ഉൽപ്പാദനത്തിൽ കോഴിക്കോട് ജില്ല മൂന്നാം സ്ഥാനത്താണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി റബ്ബറിന്റെ ഉല്പ്പാദനം ക്രമേണ വർദ്ധിച്ചു വരുന്നുവെന്നുള്ള റബ്ബർ ബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഒരു ലോഡ് റബ്ബർ പുറത്തേയ്ക്ക് പോകുമ്പോൾ 78,280 രൂപയാണ് സെയിൽസ് ടാക്സ് ഇനത്തിൽ സംസ്ഥാനത്തിന് വരുമാനമായിട്ടുള്ളത്. പക്ഷേ ഇപ്പോൾ കാണാൻ കഴിയുന്നത് 2000-2001-ൽ 8,400 ടൺ റബ്ബർ പോയ സ്ഥാനത്ത് 2001-2002-ൽ 7,100 ടണ്ണും അത്

LIBRARY ARCHIVES Kerala Legislative Assembly

ക്രമേണ കുറഞ്ഞ് 2002-2003 -ൽ 6,170 ടണ്ണും ആയി. അങ്ങനെ കുറയുന്നതിനു കാരണം കോഴിക്കോട്, വയനാട് ജില്ലകളിലെ ചെക്ക് പോസ്റ്റുകളിൽ വലിയ തോതിൽ റബ്ബർ കടത്തിക്കൊണ്ടു പോകുന്ന ഒരു ഏർപ്പാടുണ്ട്. കോഴിക്കോട് കേന്ദ്രീകരിച്ചുകൊണ്ട് സെയിൽസ് ടാക്സ് തട്ടിപ്പ് നടത്തുന്നുണ്ട്. അതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത് ലക്കിടിയിലെ ഒരു ചെക്ക് പോസ്റ്റിലാണ്. അതിൽ സൗകര്യങ്ങൾ ഒന്നും ഇല്ലെങ്കിലും ഇപ്പോൾ താമരശ്ശേരി ചെക്ക്പോസ്റ്റിനു സമീപം അടിവാരംവഴി കടന്നു വന്ന് കടത്തിക്കൊണ്ട് പോകാൻ കഴിയും. അതുകൊണ്ട് അടിവാരത്തും ലക്കിടിയിലുമുള്ള ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താനും ഇപ്പോൾ തുടങ്ങിയ സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് അവിടെ നിന്ന് മാറ്റാനും വേണ്ടിയുള്ള ശ്രമം ഉണ്ടാകുന്നതായി അറിയുന്നു. അതുപോലെ പത്രങ്ങളിൽ വന്ന വാർത്തയിൽ നിന്നും ഒരു ഭരണ കക്ഷിയിലുള്ള ആളിന്റെ സഹകരണത്തോടുകൂടി ഉദ്യോഗസ്ഥന്മാർ അത് മാറ്റാൻവേണ്ടി ശ്രമിക്കുന്നു എന്ന് മനസ്സിലാക്കുന്നു. അത് തടയാനും ഈ റബ്ബർ കള്ളക്കടത്ത് തടയാനും ആവശ്യമായ ശക്തമായ നടപടി അങ്ങ് സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ ആവശ്യമായ കാര്യമാണ് പറഞ്ഞത്. ഇപ്പോൾ രണ്ട് ചെക്കുപോസ്റ്റുകളും കൂടെക്കൂടി ഇഫക്ടീവാക്കിയിട്ടുണ്ട്. ഭരണകക്ഷി പറഞ്ഞാലും, പ്രതിപക്ഷം പറഞ്ഞാലും ഞാൻ മാറില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ചെക്കുപോസ്റ്റുകളിലെ വൻ വെട്ടിപ്പിനെ സംബന്ധിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ല എന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ കാര്യങ്ങൾക്ക് 1957 മുതൽ ഇന്നുവരെ നമുക്ക് ഒരു പരിഹാരവും ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നുള്ള കുറ്റസമ്മതവും ഇവിടെ കേൾക്കാൻ സാധിച്ചു. ഐ.ടി. യുഗം, കംപ്യൂട്ടർ യുഗത്തിലേയ്ക്ക് കുതിച്ചു പായുകയാണ്. അപ്പോൾ നമ്മുടെ പ്രധാനപ്പെട്ട ചെക്കുപോസ്റ്റുകളിൽ എങ്കിലും വാളയാർ, ആര്യങ്കാവ് തുടങ്ങിയ ചെക്ക്പോസ്റ്റുകളിലെങ്കിലും കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിക്കൊണ്ട് പ്രധാന കേന്ദ്രമായ നമ്മുടെ സെക്രട്ടേറിയറ്റുമായി ലിങ്ക് ചെയ്തുകൊണ്ട് വാച്ച് ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കിയാൽ കുറേയധികം മാറ്റങ്ങൾ വരുത്താൻ കഴിയും. ആ നിലയ്ക്ക് ഗവൺമെന്റിന് ആലോചിക്കാൻ കഴിയുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ചെക്ക്പോസ്റ്റുകൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ചെക്കുപോസ്റ്റുകളിൽ അതിന്റെ പ്രവർത്തനങ്ങൾ പകുതിയായിട്ടുണ്ട്, മുഴുമിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ചെക്ക്പോസ്റ്റിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാർ തന്നെ ഇന്റേണൽ ആഡിറ്റിലേക്ക് മാറുന്നു, അവർതന്നെ സെയിൽസ് ടാക്സ് വിജിലൻസിലേയ്ക്കും മാറുന്നു. അതുകൊണ്ട് പറയത്തക്ക പ്രയോജനം ഉണ്ടാകുന്നില്ല എന്നത് പരിഗണിച്ച് ഇന്റേണൽ ആഡിറ്റിന് സി.ആന്റ് എ.ജി. യിൽ നിന്നോ മറ്റോ ആളുകളെ എടുത്ത് ഏർപ്പാടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനും അതുപോലെ തന്നെ വിജിലൻസിനെ കോഴിക്കോട്, തിരുവനന്തപുരം ഇങ്ങനെ റീജിയൺ ആക്കി തിരിച്ച് ഒരു ഐ.എ.എസ്. ഓഫീസർ അല്ലെങ്കിൽ ഒരു ഐ.പി.എസ്. ഓഫീസർ അതിനോട് അനുബന്ധിച്ച് Integrity ഉള്ള കുറച്ച് ഉദ്യോഗസ്ഥൻമാർ, സെയിൽസ് ടാക്സുകാരല്ലാത്ത അങ്ങനെ ഒരു സ്പെഷ്യൽ സ്കാഡ് ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, റീജിയൺ ആക്കുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നും ഇല്ല. പക്ഷെ ഇതിലെ പ്രശ്നം അതല്ല, ഈ ഉദ്യോഗസ്ഥൻമാരെ അങ്ങോട്ട് മാറ്റിയാലും, ഇങ്ങോട്ട് മാറ്റിയാലും ഉദ്യോഗസ്ഥൻ ഒന്നാണ്, അതാണ് ബുദ്ധിമുട്ട് വരുന്നത്, ആള് ഒന്നാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഐ.പി.എസ്, ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ നിയമിക്കാനാണ് പറയുന്നത്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ നിയമിച്ചതു കൊണ്ടുമാത്രം ഇത് മാറില്ല. ഇവിടെ യൂണിയനുകൾ ഉണ്ട്, അവർക്ക് പ്രൊമോഷൻ ഉണ്ട്, ഉദ്യോഗസ്ഥൻമാരുടെ ആവശ്യങ്ങൾ ഉണ്ട്, ആലോചിക്കാം. പക്ഷെ അത് ഒരു പരിഹാരമാർഗ്ഗം ആകുമെന്ന് തോന്നുന്നില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, മഹാലക്ഷ്മിയെ കാണുമ്പോൾ കീഴടങ്ങാത്ത അപൂർവ്വം ചില ഉദ്യോഗസ്ഥരെങ്കിലും സെയിൽസ് ടാക്സ് വിഭാഗത്തിൽ ഉണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. സെയിൽസ് ടാക്സ് ഇന്റലിജൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് കമ്മീഷണറായിട്ട് തൊഴിലെടുത്തുവരുന്ന മി. സുരേഷ് ബാബു, അദ്ദേഹത്തിന് ഉണ്ടായ ഒരു അനുഭവം, നേരത്തെ 59 ലക്ഷം രൂപ വരുമാനം കിട്ടിയിരുന്ന സ്ഥാനത്ത് നികുതിവെട്ടിപ്പ് തടഞ്ഞ ഈ ഇന്റലിജൻസ് വിഭാഗത്തിന്റെ നടപടിയിലൂടെ 43 കോടി രൂപയായി വർദ്ധിച്ചു. പക്ഷെ ഉണ്ടായത്, ഇതിലുള്ള റാക്കറ്റ് ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള ടീമിലെ കുടുംബത്തിനെ പോലും ദ്രോഹിക്കുംവിധത്തിൽ തുടർച്ചയായി വധഭീഷണി നടത്തി, ഇതുസംബന്ധിച്ച് ഒരു കേസും പോലീസ് എടുത്തു. എന്നിട്ടും ഈ ഇന്റലിജൻസ് വിഭാഗത്തിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥനെ സ്ഥലംമാറ്റിയ നടപടിയാണ് ഉണ്ടായത്, എന്തുകൊണ്ടാണ് ഇത്തരം ഒരു നിലപാട് വന്നതെന്ന് പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ ? ഇത്തരത്തിലുള്ള സത്യസന്ധരായിട്ടുള്ള ഉദ്യോഗസ്ഥരെ അവർക്കുവേണ്ടുന്ന പ്രോൽസാഹനം നൽകാനുള്ള നടപടിക്ക് സർക്കാർ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, സമഗ്രമായിട്ട് പരിശോധിക്കാം.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, കഴിഞ്ഞ കുറേ നാളുകളായി കേരള നിയമസഭയിൽ തന്നെ വളരെ പ്രക്ഷുബ്ധമായ രംഗങ്ങൾ ഉണ്ടായ ഒന്നാണ് ഈ കോഴിവിവാദം. ഈ കോഴി വിവാദത്തെ സംബന്ധിച്ചുള്ള വിഷയം കോടതിയിൽ വരികയും ബഹുമാനപ്പെട്ട ജസ്റ്റീസ് കുര്യൻ ജോസഫ് ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഒരു വിധി പുറപ്പെടുവിക്കുകയും ചെയ്തു. അതുസംബന്ധിച്ച് അന്ന് ഗവൺമെന്റ് എടുത്ത തീരുമാനം ന്യായയുക്തമാണെന്നുള്ള വിധിയാണ് ഉണ്ടായിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : കൊള്ളാം, ഇത് എന്ത് ചോദ്യമാണ് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, ഇടുക്കി ജില്ലയിൽ കമ്പംമെട്ട്, കുമിളി തുടങ്ങിയ ചെക്ക്പോസ്റ്റുകളിലൂടെ വ്യാപകമായ കള്ളക്കടത്ത് നടക്കുന്നുണ്ടെന്ന വസ്തുത വളരെക്കാലമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. ഞാൻ നേരിട്ടുതന്നെ നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള കാര്യമായ നടപടികൾ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല. കർക്കശമായ പരിശോധനയിലൂടെ സ്ഥിരമായുള്ള, പ്രത്യേകിച്ച് ഏലക്കായും, കുരുമുളകുമൊക്കെ ധാരാളം തമിഴ്നാട്ടിലേക്ക് പോകുകയാണ്. ഇത് തടയുന്നതിനുവേണ്ടി കർക്കശമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പല പ്രാവശ്യം എഴുതി തന്നിട്ടുണ്ട്, അവിടെ പ്രത്യേക സ്കാഡിനെ വച്ച് അന്വേഷിപ്പിച്ചു, ഇടയ്ക്കിടയ്ക്ക് ഒരു lightning ചെക്കിംഗ് നടക്കുന്നുണ്ട്. കുറേക്കൂടി ഇഫക്ടീവാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. ജയരാജൻ : സർ, മന്ത്രിയുടെ മറുപടിയിൽ ഇവിടെ വ്യക്തമാക്കിയത് 2002-2003-ൽ 70 കോടി രൂപയാണ് ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരവ് എന്നാണ്. ഉപഭോക്തൃ സംസ്ഥാനമായിട്ടുള്ള കേരളത്തിൽ ധാരാളം ചരക്കുകൾ വന്നുകൊണ്ടിരിക്കുകയാണ്. ചെക്കുപോസ്റ്റിൽ അതിനുള്ള സംവിധാനമില്ല. ഇവിടെ ബഹുമാനപ്പെട്ട ടി.കെ. ബാലൻ എം.എൽ.എ. പറഞ്ഞതുപോലെ സ്കാനിംഗ് സംവിധാനം ഇല്ല. അതുപോലെ മാർബിൾ കണ്ടമാനം നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്നുണ്ട്. ആ മാർബിളിനെ സംബന്ധിച്ചിടത്തോളം ഈ പഴയ കണക്കനുസരിച്ച് ആണെങ്കിൽ 10 ടൺ ആണ് അവർ കണക്കാക്കുന്നത്. എന്നാൽ ഈ പുതിയ വാഹനസംവിധാനം വന്നതോടുകൂടി 25 ടൺവരെ കടത്തികൊണ്ട് വരികയാണ്. ഇത് പരിശോധിക്കുന്നതിനുള്ള weighing machine പോലുള്ള സംവിധാനമില്ല. അതുപോലെ തന്നെ ചെക്ക്പോസ്റ്റുകളിൽ കംമ്പ്യൂട്ടർ സംവിധാനമില്ല, ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തി നികുതിവെട്ടിപ്പ് തടയുന്നതിനുള്ള സംവിധാനം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഈ നികുതിവെട്ടിപ്പ് തടയുന്നതിനുള്ള സംവിധാനം ചെക്ക്പോസ്റ്റുകളിൽ മാത്രം പോരാ, സംസ്ഥാനത്ത് ഉടനീളം ആവശ്യമാണ്. ഓഫീസുകളിലും ആവശ്യമാണ് അതിനുള്ള പരിഹാരമാർഗ്ഗമാണ് നമ്മൾ കണ്ടുപിടിക്കുന്നത്. ചെക്ക്പോസ്റ്റിൽ അല്ല എല്ലാ നികുതികളും പിരിക്കുന്നത്. ചെക്ക്പോസ്റ്റിൽ എൻട്രി ടാക്സ് പിരിക്കുന്നു, ബിൽ ഇല്ലാതെ വരുന്നത് പിരിക്കുന്നു എന്നല്ലാതെ അവിടെയല്ലല്ലോ പിരിക്കുന്നത്. നികുതി മുഴുവൻ പിരിക്കുന്നത് സംസ്ഥാനത്തിനുള്ളിലല്ലേ ? ഇത് ഒരു പ്രത്യേക സംവിധാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ചില മാതൃകാപരമായ തീരുമാനങ്ങൾ ഈ ഗവൺമെന്റ് എടുത്തിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ശരിയാണ്, കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി അതുകൊണ്ടാണ് നമ്മുടെ പിരിവ് കൂടിയിരിക്കുന്നത്. എങ്കിലും നമ്മുടെ ഈ സ്പിരിറ്റ് കള്ളക്കടത്ത് നടക്കുന്നതുപോലുള്ള കാര്യങ്ങൾ വരുമ്പോൾ രണ്ട് ലോഡ് പിടിച്ചു എന്നുപറഞ്ഞാൽ അതിന്റെ പിന്നാലെ 50 ലോഡ് പോകുന്നു എന്നാണ് ജനസംസാരം. അപ്പോൾ ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായി ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ നമുക്ക് സംവിധാനം ഉണ്ടാകേണ്ടതാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സമഗ്രമായി നമ്മുടെ സെയിൽസ് ടാക്സ് സംവിധാനം പുനഃസംഘടിപ്പിക്കാനും, അഴിമതിരഹിതരായ കുറെ ഉദ്യോഗസ്ഥരെയെങ്കിലും അതിലേയ്ക്ക് നിയമിക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അഴിമതിരഹിതരായ ഉദ്യോഗസ്ഥർ വേണം എന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹവും ആശയും. അതുകൊണ്ടാണ് ഈ ഉദ്യോഗസ്ഥരെ സെലക്ട് ചെയ്തിട്ട് ചെക്ക്പോസ്റ്റിലേക്ക് അയയ്ക്കുന്നത്. പല ഉദ്യോഗസ്ഥരെയും അഴിമതിയുടെ പശ്ചാത്തലത്തിലാണ് മാറ്റുന്നതും. പക്ഷെ സംഭവിക്കുന്നത് എന്താണെന്നുവച്ചാൽ ഇതിന് വേറെ യൂണിയനുകൾ ഉണ്ട്, അവർക്ക് ഒരു ഉദ്യോഗസ്ഥനെ മാറ്റുന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഈ കസേരയിൽ നിന്ന് അടുത്ത കസേരയിൽ മാറ്റിയിരുത്തിയാൽ അഭിപ്രായ വ്യത്യാസം വരും. ഞാൻ ഇതിന് എതിര് പറയുകയല്ല, നിങ്ങൾ അങ്ങനെ വിചാരിക്കരുത്. നമ്മൾ എല്ലാവരും പറയുന്നതുകൊണ്ട് ഞാൻ പറയുകയാണ്. പക്ഷെ കഴിയുന്ത്ര കഴിവുള്ള ഉദ്യോഗസ്ഥരെ നല്ല പോസ്റ്റുകളിൽ ഇരുത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കഴിഞ്ഞ വർഷം 2002-2003 ൽ 70 കോടി രൂപയുടെ വർദ്ധനവ് ഉണ്ടെന്ന് പറഞ്ഞു. എന്റെ കൈയിലുള്ള സി. ആന്റ് എ.ജി. റിപ്പോർട്ടിൽ 1999-2000 സാമ്പത്തിക വർഷത്തിൽ 3853.54 കോടി രൂപ, 2000-2001 ൽ 4344.33 കോടി രൂപ, 12.73 ശതമാനം വർദ്ധനവാണ്. എന്നാൽ 2001-2002 ൽ 4440.85 കോടി രൂപയാണ് ആകെ പിരിവ്. അത് യഥാർത്ഥത്തിൽ 96.52 കോടി രൂപയുടെ വർദ്ധനവ്, വർദ്ധനവിന്റെ ശതമാനം 2.17 ആണ്. കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ പരിമിതമായ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. എന്റെ ചോദ്യം ഇതുമായി ബന്ധപ്പെടുത്തി കേരളത്തിലെ വമ്പൻ കമ്പനികൾക്ക് വലിയ നികുതിയിളവ് അനുവദിക്കുന്നുവെന്ന് ഒരു പത്രവാർത്ത വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള വൻകിട കമ്പനികൾക്ക് ആനുകൂല്യം കൊടുക്കുന്നതിന്റെ ഭാഗമായിട്ടാണോ ഈ വരവിൽ കുറവുണ്ടായിട്ടുള്ളത് എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട ചെന്താമരാക്ഷൻ ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല ചോദിച്ചത്. ആകെയുള്ള ടാക്സിന്റെ കണക്കാണ് പറഞ്ഞത്. ഇതിപ്പോൾ ചെക്ക്പോസ്റ്റിന്റെ മാത്രമാണ് പറഞ്ഞത്. നമുക്ക് ഏത് കൊല്ലം ടാക്സ് കൂടുതൽ പിരിക്കുന്നതും സന്തോഷമാണ്. അത് ഒരു കൂട്ടർക്ക് കുറച്ചു, ഒരു കൂട്ടർക്ക് കൂട്ടി ഇങ്ങനെ പറയുന്നതിലൊന്നും യാതൊന്നുമില്ല. ഞാൻ അതിന് ആരെയും കുറ്റപ്പെടുത്തുന്നുമില്ല. നമുക്ക് കൂടുതൽ പിരിക്കണം എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. പിരിച്ചതിന്റെ കണക്ക് പറഞ്ഞു എന്നുമാത്രമേയുള്ളൂ. അതിനു മുമ്പ് കൂടുതൽ പിരിച്ചിട്ടുണ്ടെങ്കിൽ സന്തോഷം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, നമ്മുടെ സെയിൽസ്ടാക്സ് ചെക്ക്പോസ്റ്റുകളിലെ അഴിമതിയും കൃത്യവിലോപവും കാരണം വാളയാർ, അമരവിള തുടങ്ങിയ ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നുവരുന്ന പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒരുപാട് ഉണ്ട്, സർ, വാളയാർ ചെക്ക്പോസ്റ്റുവഴി കടന്നുപോകുന്നതിന് ഏതാണ്ട് നാലഞ്ച് മണിക്കൂർ, കാത്തു നിൽക്കണം. അങ്ങനെ പൊതുജനങ്ങൾ പ്രയാസം അനുഭവിക്കുകയാണ്. ബസുകളിൽ വരുന്നവർക്കും. പ്രൈവറ്റ് വണ്ടികളിൽ വരുന്നവർക്കും അങ്ങനെയുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കാൻവേണ്ടി ഈ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന മേഖലകളിൽ ഫ്ളൈ ഓവറുകൾ സ്ഥാപിച്ച് അതുവഴി പൊതുജനങ്ങൾക്ക് കടന്നുപോകാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ? 9.00 A.M]

ശ്രീ. കെ. ശങ്കരനാരായണൻ : സർ വാളയാർ ചെക്ക്പോസ്റ്റിൽ നാലഞ്ചു മണിക്കൂർ നിൽക്കേണ്ട പരിതഃസ്ഥിതിയുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ അവിടെ റോഡ് വീതി കൂട്ടി ലോറികൾക്ക് നിൽക്കാൻ പ്രത്യേക സ്ഥലം ഉണ്ടാക്കിയിട്ടുണ്ട്. കാറുകൾക്കും ബസുകൾക്കും ഒക്കെ പെട്ടെന്ന് പോരാം എന്നിരുന്നാൽ പോലും ചില സമയങ്ങളിൽ കൂടുതൽ ലോറികൾ വരുമ്പോൾ മാർഗതടസ്സം ഉണ്ടാകുന്നുണ്ട്. അതിന് പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നുണ്ട്. റോഡ് വീതി കൂട്ടാൻ മാർഗ്ഗമില്ല. പക്ഷേ അവിടെ ഫ്ളൈഓവർ ഉണ്ടാക്കാൻ പറ്റുമോയെന്ന് പരിശോധിക്കേണ്ടതാണ്.

ശ്രീ. എ.കെ. മണി : സർ, അഴിമതി ആരു വിചാരിച്ചാലും തടയാൻ പറ്റുകയില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ആയാലും ആരു വിചാരിച്ചാലും ആർക്കും തടയാൻ സാധിക്കുകയില്ല. എന്നുപറഞ്ഞ് ഈ സമൂഹത്തെ ഒന്നടങ്കം നമ്മൾ അഴിമതിയായിട്ട് കാണുന്നത് ശരിയല്ല. യോഗ്യൻമാർ ഉണ്ട്. Good position-ൽ ഉള്ള Government ഉദ്യോഗസ്ഥൻമാർ കേരളത്തിലുണ്ട്. എന്റെ ചോദ്യം നമ്മുടെ എല്ലാ വകുപ്പിലും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ നിയന്ത്രിക്കുന്ന സമിതികൾ രൂപീകരിക്കാറുണ്ട്. ഈ ചെക്ക്പോസ്റ്റുകളിലെങ്കിലും ഇതുപോലുള്ള അഴിമതികൾ തടയാൻ ഒരു പബ്ളിക്സെൽ രൂപീകരിച്ച് മുന്നോട്ടു പോകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ: അത് ഇതിനൊരു പരിഹാരമാർഗ്ഗമാകുമോ എന്നുള്ളത് നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, 2002-ലെ ധനകാര്യ ബില്ലിലെ നിർദ്ദേശപ്രകാരം നോട്ടിഫൈഡ് ഗുഡ്സിനെ ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നുപോകുന്നതിന് ഡെലിവറി നോട്ടിനുപകരം പെർമിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് ആവശ്യമായ റൂൾസ് ഉണ്ടാക്കുകയോ പെർമിറ്റിന്റെ ഫോം ചെക്ക്പോസ്റ്റുകൾക്ക് നൽകുകയോ ചെയ്യാത്തതിനാൽ കഴിഞ്ഞ ഒരുവർഷമായി ഈ നിർദ്ദേശം പ്രാബല്യത്തിൽ വരുത്താൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി കടത്തുനികുതിയിനത്തിൽ ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന ലക്ഷക്കണക്കിന് രൂപ ഈ കഴിഞ്ഞ ഒരു വർഷമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന് ഉത്തരവാദി ആരാണെന്ന് കണ്ടു പിടിക്കാനും അവരുടെ പേരിൽ നടപടിയെടുക്കാനും സത്യസന്ധമായി മറുപടി പറയുന്ന അങ്ങ് തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ : അത് എന്താണെന്ന് വച്ചാൽ പരിശോധിക്കാം.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, റിസർവ് ബാങ്കിന്റെ ഗാന്ധിമാരെയും മഹാലക്ഷ്മിമാരേയും കാണുമ്പോൾ കീഴടങ്ങുന്ന ചെക്ക്പോസ്റ്റുകളിലെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ജീവനക്കാരുടെ സമരം നടന്ന സന്ദർഭത്തിൽ ചെക്ക്പോസ്റ്റുകളിലെ വരുമാനം വളരെയധികം വർദ്ധിച്ചതായി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സർക്കാർ ജീവനക്കാരുടെ സമരമുണ്ടായ കാലഘട്ടത്തിൽ ചെക്ക്പോസ്റ്റുകളിലെ കളക്ഷനിൽ ഇത്ര വർദ്ധനവ് ഉണ്ടായത്. അത് ശരിയാണെങ്കിൽ അതൊന്ന് വിശദീകരിക്കണം. അതുപോലത്തെ ഒരു പരീക്ഷണം അന്നത്തെ ഉദ്യോഗസ്ഥൻമാരെ വച്ചു നടത്തുവാൻ.....

മി.സ്പീക്കർ : ഇനിയും സമരം ചെയ്യിക്കണമോ ?

ശ്രീ. റ്റി. എൻ. പ്രതാപൻ : സമരമല്ല സർ, അന്ന് നിയമിച്ച ഉദ്യോഗസ്ഥൻമാരെ വച്ച് ഒരു പരീക്ഷണം നടത്താൻ തയ്യാറാകുമോ? എന്തുകൊണ്ടാണ് ആ കാലഘട്ടത്തിൽ ചെക്ക്പോസ്റ്റുകളിൽ വർദ്ധനവ് ഉണ്ടായത്.

ശ്രീ. കെ. ശങ്കരനാരായണൻ : അന്ന് കൂടുതൽ കളക്ഷൻ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്, എന്നുള്ളത് മാത്രമേ ഇപ്പോൾ അതിനെക്കുറിച്ച് പറയാനുള്ളൂ.

ശ്രീ. സാജു പോൾ : സർ, വടക്കേ ഇൻഡ്യയിൽ നിന്ന് എത്തുന്ന മാർബിൾ, ഗ്രാനൈറ്റ് എന്നിവ ചെക്ക്പോസ്റ്റുകൾ വഴിയാണ് കടന്നുവരുന്നത്. വ്യാപാരികളുടെ പക്കലുള്ള സ്റ്റോക്ക് ഒത്തുനോക്കി അതിന് വലിയ വ്യത്യാസം കണ്ടെത്തിയ ഏതെങ്കിലും പ്രത്യേക സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെതന്നെ ഈ ഗവൺമെന്റ് വന്നകാലം മുതൽ അടിക്കടി ഉണ്ടാകുന്നതും ഇപ്പോൾ തുടരുന്നതുമായ ഈ ഭരണ പ്രതിസന്ധി ഏതെങ്കിലും ചെക്ക്പോസ്റ്റ് വഴി പുറത്തുനിന്ന് ഇങ്ങോട്ടുവരുന്നതാണോ അങ്ങനെയാണെങ്കിൽ അതുകൂടി തടയാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ചെക്ക്പോസ്റ്റുകൾ വഴി കടന്നുവരുന്ന മാർബിൾ ലോറികൾ ഒക്കെ പരിശോധിക്കാറുണ്ട്. അത് തൂക്കിനോക്കാനുള്ള വേബ്രിഡ്ജ് ഉണ്ട്. പക്ഷെ എല്ലാ ദിക്കിലും വേബ്രിഡ്ജ് ഒന്നുമില്ല. പക്ഷെ അവസാനം അദ്ദേഹം പറഞ്ഞത് ഏത് ലോറിയിലാണ് വരുന്നത് എന്നുള്ളത് ഞാൻ കണ്ടിട്ടില്ല,

ശ്രീ. കെ. ബാബു : സർ, ഈ ഗവൺമെന്റ് വരുമ്പോൾ ചെക്ക്പോസ്റ്റിൽ കൂടിയുള്ള വരുമാനം എത്രയാണ്, ടാക്സ് ഇനത്തിൽ പുതുതായി എത്രയാളുകളെ കൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : 2002-2003-ൽ എഴുപത് കോടിയിലധികം രൂപയുടെ കളക്ഷൻ ഉണ്ടായിട്ടുണ്ട്. 2001-ൽ പതിനേഴ് കോടി, 2002-ൽ ഇരുപത്തിനാല് കോടി.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, നമ്മുടെ കൊച്ചിൻ പോർട്ട് വഴി ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ അയൽ സംസ്ഥാനങ്ങളിലേക്ക് അയ്ക്കുന്നു എന്നുള്ള വ്യാജ രേഖകൾ ഉണ്ടാക്കി, സെയിൽസ് ടാക്സ് എക്സ്റ്റെൻഷൻ വാങ്ങി നമ്മുടെ കേരളത്തിൽ തന്നെ വിറ്റഴിക്കുകയാണ്. നമ്മുടെ പാലക്കാടൻ മണ്ണെണ്ണ പോലെ, അതുവഴി നമുക്ക് കിട്ടേണ്ട സെയിൽസ് ടാക്സ് കിട്ടുന്നില്ല, അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അത് പരിഹരിക്കാനുള്ള മാർഗ്ഗം ഉണ്ടാക്കുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പരിഹാരമാർഗ്ഗം കാണേണ്ടതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ചെക്ക്പോസ്റ്റുകളിലെ അഴിമതി അത് തുടങ്ങിയ കാലം മുതലുള്ളതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതിന്റെ പിന്നിൽ ഈ ചെക്ക് പോസ്റ്റുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ഇൻഡ്യാ മഹാരാജ്യത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും അവരുടെ കൊടികളും ഉണ്ട്. രാഷ്ടീയ പിന്തുണ ഭരണ പ്രതിപക്ഷ ഭേദമില്ലാതെ ഇത്തരം അഴിമതികൾക്ക് ലഭിക്കുന്നുണ്ട്. നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരും എന്തൊക്കെ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിലും ഈ പ്രവൃത്തിയിൽ ഐക്യത്തോടെ വർത്തിക്കുന്നു. ഇത് ഇതിന്റെ ഒരു വസ്തുതയാണ്. ഈ വസ്തുത മനസ്സിലാക്കി അവരുടെ അഭിമാനത്തിന് കോട്ടം വരാതെ രാഷ്ടീയ പാർട്ടികളുടേയും ട്രേഡ് യൂണിയനുകളുടേയും സർവീസ് ഓർഗനൈസേഷന്റേയും പിൻതുണ വാങ്ങി ഇത് നിയന്ത്രിക്കുകയും ഈ രാജ്യത്ത് അഴിമതി കാണിക്കുന്ന ആളുകളെ മാറ്റി നിർത്തുകയും ചെയ്യാൻ ആവശ്യമായ നടപടി ഗവൺമെന്റിൽ നിന്ന് ഉണ്ടാകണം.

ശ്രീ. കെ. ശങ്കരനാരായണൻ : ഇതിന് ഏതുഭാഗത്തുനിന്ന് പോസിറ്റീവ് ആയിട്ടുള്ള ഏത് നിർദ്ദേശം വന്നാലും ഗവൺമെന്റ് സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ചെക്ക്പോസ്റ്റുകളിലെ അഴിമതിയും കോഴയും എല്ലാം ഒരു കലയാണ്, ശാസ്ത്രമാണ്, അത് ജൻമകാലം മുതലേയുള്ളതാണ് എന്നൊക്കെ. സർ, ഇപ്പോൾ

റേറ്റ് എല്ലാം പേപ്പറിൽ ആണ് വായിച്ചറിയുന്നത്. ഞാൻ പറഞ്ഞുകേട്ടു, നീതിമാനായ മന്ത്രിയുടെ മുൻകയ്യിൽ ഈ റേറ്റുകൾ ഔദ്യോഗികമായി പ്രഖ്യാപിക്കാൻ നീക്കം ഉണ്ടെന്നും, അത് ശരിയാണോയെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. ശങ്കരനാരായണൻ : ചോദ്യം മനസ്സിലായില്ല.

മി. സ്പീക്കർ : നോ, നോ, മനസ്സിലാക്കണ്ട, അത് മനസ്സിലാകുകയില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ ശ്രീ. റ്റി. എൻ. പ്രതാപൻ സമരകാലത്തെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു, ജീവനക്കാരുടെ സമരകാലത്ത് ഈ കാര്യത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. മന്ത്രിയും അത് സൂചിപ്പിക്കുകയുണ്ടായി. ഈ സമരത്തിനുശേഷമുള്ള കാലഘട്ടത്തിൽ ആ വർദ്ധനവിന് അനുപാതമായി വീണ്ടും ചെക്ക്പോസ്റ്റുകളിലെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ? അത് വീണ്ടും കുറഞ്ഞുവെങ്കിൽ കാര്യമായി എന്തോ തകരാറ് ഈ കാര്യത്തിൽ ഉണ്ടെന്നുള്ളത് വ്യക്തമാണ്. അങ്ങനെയെങ്കിൽ താൽക്കാലിക ജീവനക്കാരെ വച്ച് പിരിവ് നടത്തുന്നതാണ് ഗവൺമെന്റിന് കൂടുതൽ ലാഭകരമെന്നുള്ളതു കൊണ്ട് അക്കാര്യം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : അങ്ങനെ ശരിയായ സമീപനമായിരിക്കുകയില്ല.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, സെയിൽസ്ടാക്സ് ചെക്ക്പോസ്റ്റ്, ആർ.ടി.ഒ. ചെക്ക്പോസ്റ്റ്, എക്സൈസ് ചെക്ക്പോസ്റ്റ്, ഈ മൂന്ന് ചെക്ക്പോസ്റ്റുകളും അതിർത്തിപ്രദേശത്ത് എങ്കിലും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നത് കൂടുതൽ ഇഫക്ടീവ് ആകില്ലേ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ എല്ലാ ചെക്ക്പോസ്റ്റിലും ആർ.ടി.ഒ.ചെക്ക് പോസ്റ്റ് ഉണ്ട്, സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റ് ഉണ്ട്, എക്സൈസ് ചെക്ക്പോസ്റ്റ് ഉണ്ട്, അതിന്റെ മൂന്നു ഉദ്യോഗസ്ഥൻമാരും അവിടെയുണ്ട്. ചെക്കിംഗ് നടത്തുന്നുണ്ട്, കൂട്ടായ ചെക്കിംഗ് നടത്തുന്നുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : ഈ അതിർത്തി കടന്നെത്തുന്ന കോഴിക്ക് ചെക്ക്പോസ്റ്റുകളിൽ വിവിധ പേരുകളിലുള്ള കോഴകളാണ് നിലവിലുള്ളത്, ചില്ലിക്കോഴ, ജിൻജർ കോഴ, ബട്ടർ കോഴ, കോഴ റോസ്റ്റ് ഇതെല്ലാം അതിർത്തിയിലെ കോഴകളുടെ പേരാണ്. എന്റെ ചോദ്യം, നല്ല നിലയിൽ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ ഉണ്ട്, അഴിമതി തടയുന്നതിനുവേണ്ടി പരിശ്രമിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ സംരക്ഷണവും പ്രോൽസാഹനവും നൽകാനും, അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാരെ തടയുന്നതിനും എന്ത് നടപടിയാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്ക് തക്കതായ ശിക്ഷ കൊടുക്കും. അഴിമതി നടത്താത്ത ഉദ്യോഗസ്ഥൻമാർക്ക് ആനുകൂല്യവും കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, പോണ്ടിച്ചേരിയുടെ ഭാഗമായിട്ടുള്ള മാഹിയിൽ ശരാശരി മുപ്പതിനായിരത്തിന് താഴെ ആളുകളാണ് ഉള്ളത്. പ്രതിദിനം തമിഴ്നാട്ടിലെ നാമക്കല്ലിൽ നിന്ന് 130 ലോഡ് കോഴി അവിടെ പോയിക്കൊണ്ടിരിക്കുകയാണ്. മാഹിയിലേക്ക് ആണെന്ന് പറഞ്ഞ് കൊണ്ടുപോകും. ഇത് വമ്പിച്ച രീതിയിലുള്ള കള്ളക്കടത്താണ്. ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? പരിശോധിച്ച് നടപടിയെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പ്രത്യേകമായിട്ട് ഇന്ന ഇന്ന കാര്യങ്ങളാണ് എന്നുപറഞ്ഞാൽ പരിശോധിക്കാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഓരോ ജില്ലയ്ക്കും പ്രത്യേക ടാർജറ്റ് കൊടുക്കുകയും ചെക്ക് പോസറ്റുകളിലെ പ്രവർത്തനത്തെക്കുറിച്ചും വിൽപ്പന നികുതി വകുപ്പിലെ വരുമാനത്തെക്കുറിച്ചും എല്ലാ മാസവും, റിവ്യു നടത്തുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ചെക്ക് പോസ്റ്റിൽ മാത്രമല്ല, നികുതിവെട്ടിപ്പ് നടത്തുന്നത്, നികുതി വെട്ടിപ്പ് പല പ്രദേശങ്ങളിലും പല ഓഫീസുകളിലും പല ഇൻസ്റ്റിറ്റ്യൂഷനുകളിലും നടത്തുന്നുണ്ട്, അത് മുഴുവൻ curb ചെയ്യണം. അത് curb ചെയ്യാതെ പറ്റില്ല. അതിന് ശക്തമായ നടപടി സ്വീകരിക്കണം. ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്, എന്നിരുന്നാൽക്കൂടി ചോർച്ച ഉണ്ടാകുന്നുണ്ട്.

ശ്രീ. പി. നാരായണൻ : സർ, വാളയാർ ചെക്ക്പോസ്റ്റിൽനിന്നും ക്ലിയറൻസ് പൂർത്തീകരിച്ച് തിരിച്ച് നാട്ടിലേക്ക് വരുന്ന വാഹനങ്ങളെ ഇടയ്ക്കുവച്ച് സ്കാഡ് തടഞ്ഞുനിറുത്തി ആവശ്യമായ രേഖയുംകൊണ്ടുപോയിട്ട് ഓഫീസിൽ വരാൻ പറയും. അവിടെ ചെന്നുകഴിഞ്ഞാൽ ഈ ഉദ്യോഗസ്ഥനെ അവിടെ കാണാൻ കഴിയാത്ത അവസ്ഥ പല വാഹനങ്ങൾക്കും ഉണ്ടായിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ ബന്ധപ്പെട്ട് കഴിയുമ്പോഴാണ് അറിയുന്നത്, രേഖ കൊണ്ടുപോയ ഉദ്യോഗസ്ഥൻ അത് പ്യൂണിന്റെ കൈയിൽ കൊടുത്തുവിടുന്ന ഏർപ്പാട് ഇവിടെ നിലനിൽക്കുന്നുണ്ട് എന്ന്. ഈ തരത്തിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഉദ്യോഗസ്ഥനെതിരെ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു പരാതി കൊടുത്തു. അതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ; നടപടി സ്വീകരിച്ചിട്ടില്ല എങ്കിൽ അത്സ്വീകരിക്കുന്നതിനുള്ള നടപടി ഉണ്ടാകുവാനും ഇതിനൊരു മാറ്റം വരുത്തുന്നവാനും കഴിയുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ: എന്റെ കൈയിൽ പരാതി കിട്ടിയിട്ടുണ്ടെങ്കിൽ അപ്പോൾത്തന്നെ അന്വേഷിക്കാൻ പറയും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഇൻസിഡന്റും അദ്ദേഹത്തിനറിയാവുന്നതാണ് എഴുതി തന്നാൽ ഞാൻ ഉടൻതന്നെ വേണ്ടനടപടി സ്വീകരിച്ചുവേണ്ട ശിക്ഷ അപ്പോൾത്തന്നെ കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, എനിക്ക് കള്ളക്കടത്തിനെപ്പറ്റിയല്ല പറയാനുള്ളത്. നല്ല കടത്തിനെപ്പറ്റിയാണ്. നല്ല കടത്തുമായി ചെക്ക്പോസ്റ്റിൽ വരുമ്പോൾ എല്ലാ റിക്കോർഡുകളുമുണ്ടെങ്കിൽ പറയും, നീ എന്തിനാണ് എല്ലാ റിക്കോർഡുകളുമായിട്ട് വന്നത്, ഞങ്ങൾക്ക് തരാനുള്ളത് കഴിച്ചിട്ട് കൊണ്ടു വന്നാൽപ്പോരേ എന്നുള്ള മനോഭാവമാണ്. മര്യാദയ്ക്ക് കൊണ്ടുവരുന്ന ആളുകളുടെ ലോറി പിടിച്ചിട്ട് ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അങ്ങ് ഒരു ബിസിനസുകാരനാണല്ലോ, ഓരോ ഉദ്യോഗസ്ഥൻമാരെയും സംബന്ധിച്ചിടത്തോളം ഇത് വേണ്ടവിധം ചെയ്യാം. ഞാൻ ഇതിൽ അങ്ങനെ ഒരു കാര്യം സ്വീകരിക്കുന്നില്ല. ഞാൻ ഇതിൽ ഒരു Broad Outlook ആണ് എടുത്തിട്ടുള്ളത്.

മി. സ്പീക്കർ : ചോദ്യം നമ്പർ *688.

കാർഷിക കടങ്ങളുടേയും കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കാനുള്ള നിർദ്ദേശം

2 (*688.) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 മാർച്ച് 31-ന് മുമ്പ് എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടേയും 25,000 രൂപ വരെയുള്ള കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കുവാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ ആനുകൂല്യം ഏത് കാലം വരെ അനുവദിച്ചിട്ടുണ്ട് ;

(സി) കേന്ദ്രത്തിന്റെ ഈ നിർദ്ദേശം കേരളത്തിൽ ബാധകമാക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) ഏതെല്ലാം വിധത്തിലുള്ള കടങ്ങളാണ് ഈ നിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നത് ;

(ഇ) ഗവൺമെന്റിൽ നിന്നുമെടുത്തിട്ടുള്ള വായ്പയും ഈ നിർദ്ദേശത്തിന്റെ പരിധിയിൽ വരുമോ എന്ന് വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) :

(എ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം ലഭ്യമായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly